വേണ്ടിയുള്ള പ്രൊഫോർമയിൽ കാണിച്ച് ഇന്റർവ്യൂ ബോർഡിനെ തെറ്റിദ്ധരിപ്പിച്ച് ഉയർന്ന റാങ്ക് നേടിയാണ് പ്രിൻസിപ്പൾ ജോലി കരസ്ഥമാക്കിയതെന്ന് സിമെറ്റ് അന്വേഷണത്തിൽ വ്യക്തമാക്കിയിരുന്നു എന്നും എന്നാൽ ശ്രീമതി ജാനറ്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC 10746/14 കേസിൽ വ്യാജ സർട്ടിഫിക്കറ്റും മറ്റും ഹാജരാക്കിയതുമായി ബന്ധപ്പെട്ട ആരോപണത്തിൽ കഴമ്പില്ലായെന്ന് ഹൈക്കോടതി കണ്ടെത്തിയിരുന്നതിനാൽ മേൽനടപടിക്ക് ശിപാർശ ചെയ്യുന്നില്ലെന്ന് വിജിലൻസ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WPC No: 10746/14 ആയി ഒരന്യായം ഫയൽ ചെയ്തിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഈ വിഷയവുമായി ബന്ധപ്പെട്ട വിധിന്യായത്തിൽ ടിയാളെ സിമെറ്റിന്റെ സർവ്വീസിൽനിന്നും നീക്കം ചെയ്തത് (കരാർ അടിസ്ഥാനത്തിൽ ആയതിനാൽ) പുനഃപരിശോധി ക്കേണ്ടതില്ലെന്നും മറ്റും സൂചിപ്പിച്ചുകൊണ്ട് ഹർജി തള്ളിക്കളയുകയാണ് ചെയ്തത്. കോടതി ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റ് നടപടികളൊന്നും സർക്കാർ സ്വീകരിക്കേണ്ടതായിട്ടില്ല.

കൊയിലാണ്ടി താലൂക്കാശുപത്രിയിൽ സീനിയർ ദന്തൽ ഹൗസ് സർജൻസി

108(808) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കാശുപത്രിയിൽ സീനിയർ ദന്തൽ ഹൗസ് സർജൻസിക്കുവേണ്ടി 2015 സെപ്റ്റംബർ മുതൽ 2016 ജനുവരി 20 വരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആരുടെയെല്ലാം അപേക്ഷകളായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര അപേക്ഷകൾ ഡി.എം.ഒ. വഴി ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസിലേക്ക് അയച്ചുവെന്നും എന്നാണ് ഓരോ അപേക്ഷയും അയച്ചതെന്നും വ്യക്തമാക്കുമോ;

(സി) എത്രപേർക്ക് പ്രസ്തുത വിഭാഗത്തിൽ ഹൗസ് സർജൻസി ചെയ്യാൻ കഴിയുമെന്നും, ഇപ്പോൾ എത്രപേർ ചെയ്യുന്നുണ്ടെന്നും അവർ ആരൊക്കെയാണെന്നും എന്നുമുതലാണ് ഓരോരുത്തരും പ്രസ്തുത പ്രവൃത്തി ആരംഭിച്ചതെന്നും വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 4 അപേക്ഷകൾ ലഭിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

ഡോ. അശ്വതി ആർ. കെ.	-	4-6-2015
ഡോ. നിഷിത സത്യനാഥൻ	-	15-1-2016
ഡോ. അനഘ എ. എസ്.	-	15-1-2016
ഡോ. വല്ലരി പി.വി.	-	15-1-2016

(സി) പ്രസ്തുത വിഭാഗത്തിൽ ഒരേ സമയത്ത് 2 പേർക്ക് ഹൗസ് സർജൻസി ചെയ്യാൻ കഴിയും. ഇപ്പോൾ ഒരാൾ ചെയ്യുന്നുണ്ട്. ഡോ. റുബി രാജ്, 14-9-2015 മുതൽ.

കാസർഗോഡ് ജില്ലയിൽ സർക്കാർ മെഡിക്കൽ കോളേജ്

109(809) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാസർകോഡ് ജില്ലയിൽ സർക്കാർ മെഡിക്കൽ കോളേജിന് തറക്കല്ലിട്ടത് എന്നാണ്; തറക്കല്ലിടൽ വേളയിൽ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; വിശദാംശം അറിയിക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനത്തിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) 2013 നവംബർ 30-നാണ് കാസർഗോഡ് മെഡിക്കൽ കോളേജിന് തറക്കല്ലിട്ടത്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനമാരംഭിക്കാൻ കഴിയും.

(ബി) കാസർഗോഡ് മെഡിക്കൽ കോളേജിനുവേണ്ടി കാസർഗോഡ് പാക്കേജിൽപ്പെടുത്തി 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ബഡ്ജറ്റുകളിൽ 10.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ആശുപത്രി കെട്ടിടത്തിനായി നബാർഡിൽ നിന്നും 57 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 20,07,00,000 രൂപയാണ് നാളിതുവരെ അനുവദിച്ചിട്ടുള്ളത്. അതിൽ 6,01,95,000 രൂപ സ്പെഷ്യൽ ഓഫീസർക്ക് ടി കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നൽകിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly